(ബി) വിദ്യാഭ്യാസ ദേശസാൽക്കരണം എന്നു പറയുന്നതിന്റെ അർത്ഥം എല്ലാ സ്കൂളുകളും സർക്കാർവകയാക്കുക എന്നാണെങ്കിൽ അങ്ങിനെ ചെയ്യാൻ ഗവണ്മെന്റുദ്ദേശിക്കുന്നില്ല. അതിന്റെ അർത്ഥം എല്ലാ സ്കൂളുകളിലും ഒരേരീതിയിലുള്ള ഒരു ദേശീയപാഠപദ്ധതി ഏർപ്പെടുത്തുക എന്നതാണെങ്കിൽ ഇന്നത്തെ വ്യവസ്ഥ അതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള: ഈ പുതിയ സ്കൂളുകൾ അനുവദിച്ചുകിട്ടത്തിൽ വിദ്യാഭ്യാസത്തിൽ പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾക്കു മുൻഗണന നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയാണ് ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. കൃഷ്ണപിള്ള: ഒറവങ്കോടുമംഗലത്തുനിന്നും വന്ന അപേക്ഷകൾ തള്ളിക്കളഞ്ഞതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരു പ്രത്യേക സ്ഥലത്തെ പറ്റി ചോദിച്ചാൽ ഇപ്പോൾ മറുപടി പറയാൻ സൗകര്യമില്ല. അതിൽ പിശകുപറ്റിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മെംബർ അറിയിച്ചാൽ പ്രത്യേകം നിഷ്കർഷിക്കാം.

മുനിസിപ്പാലിറ്റികൾക്കു ഗ്രാന്റ്.

* 533. [34] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ മുനിസിപ്പാലിറ്റികൾക്കു് ഗ്രാന്റായി മൊത്തം എത്ര തുക ഗവണ്മെന്റു നൽകിയിട്ടുണ്ടു്;

(ബി) ഇതിൽ ഏറ്റവും കൂടുതൽ സംഖ്യ ഏതു മുനിസിപ്പാലിറ്റിക്കാണു് നൽകിയതു്; ആ തുക എത്ര;

(സി) ഏറ്റവും ചെറിയ സംഖ്യ നൽകിയതു ഏതു മുനിസിപ്പാലിറ്റിക്കാണു്; ആ സംഖ്യ എത്ര;

(ഡി) വൈക്കം മുനിസിപ്പാലിറ്റിക്കു ഈ ആണ്ടിൽ എത്ര തുക ഗ്രാന്റു അനുവദിച്ചിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഈ സാമ്പത്തികവർഷത്തിൽ മുനിസിപ്പാലിറ്റികൾക്കു ഗ്രാന്റു നൽകിയില്ല.

(ബി. സി. ഡി.) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: കഴിഞ്ഞവർഷത്തിൽ മുനിസിപ്പാലിറ്റികൾക്കു ഗ്രാന്റു നൽകിയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നൽകിയിരുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ: എന്തുകൊണ്ടാണു് ഈവർഷം ഗ്രാന്റു നൽകേണ്ടാ എന്നു തീരുമാനിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗ്രാൻറ് നൽകുന്നില്ലെന്ന് തീരുമാനിച്ചില്ല. ഇതുവരെ നൽകിയിട്ടില്ലെന്നേ പറഞ്ഞുള്ളൂ. അതുസംബന്ധിച്ച ചില തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതാണ് താമസം.

ശ്രീ. പി. കെ. ചാത്തൻ : മുനിസിപ്പാലിറ്റികൾക്കു ഗ്രാൻറ് നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ടോൾ കമ്പൽസേഷന്റെ അടിസ്ഥാനത്തിലാണ്. മറ്റു പ്രവർത്തനങ്ങളേയും അടിസ്ഥാനപ്പെടുത്തും. മുനിസിപ്പാലിറ്റിയുടെ സാമ്പത്തികമായ കഴിവും പരിഗണിക്കാറുണ്ട്.

ശ്രീ. പി. കെ. ചാത്തൻ : കൂടുതൽ അവശതയുള്ള മുനിസിപ്പാലിറ്റികൾക്ക് കൂടുതൽസംഖ്യ അനുവദിച്ചുകൊടുക്കുന്ന് ഒരു നയം ഗവണ്മെൻറ് സ്വീകരിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുനിസിപ്പാലിറ്റികളും കോർപ്പറേഷനും കൂടുതൽ പരിശ്രമിക്കണം. വരവ് കുറവുള്ള മുനിസിപ്പാലിറ്റികൾക്കു കൂടുതൽ ധനസഹായം ചെയ്യാമെന്നുവച്ചാൽ വരവുകൂട്ടാൻ മുനിസിപ്പാലിറ്റികൾ ശ്രമിക്കുകയില്ല.

ശ്രീ. പി. കെ. ചാത്തൻ: സാമ്പത്തികമായി കഴിവുകുറഞ്ഞ മുനിസിപ്പാലിറ്റികൾക്കു കൂടുതൽ ഗ്രാൻറ് നൽകുന്നതിനു ശുപാർശ ചെയ്യുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനാണ് ഞാൻ മുൻപു പറഞ്ഞ മറുപടി.

ശ്രീ. ജെ. എ. ഭട്ട് : ഈ ഗ്രാൻറ് പുനഃപരിശോധിക്കണമെന്നുള്ളതിനെ പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എടുത്തിട്ടില്ല.

ശ്രീ. പി. കെ. ചാത്തൻ : ഇതിനുമുമ്പ് എത്ര മുനിസിപ്പാലിറ്റികൾക്ക് ഗ്രാൻറ് നൽകിയെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സംസ്ഥാനത്തുള്ള എല്ലാ മുനിസിപ്പാലിറ്റികൾക്കും ഗ്രാൻറ് നൽകി.

പൊതു തിരഞ്ഞെടുപ്പ്.

* 534 [35] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറ്റിൽ അടുത്ത പൊതുതിരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽതന്നെ തിരഞ്ഞെടുപ്പു നടക്കുമോ ;

(ബി) ഇതുസംബന്ധിച്ചു കേന്ദ്രഗവണ്മെൻറ് സംസ്ഥാനഗവണ്മെൻറിനോടു അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(സി) ഭാഷാസംസ്ഥാന രൂപീകരണം കഴിയുന്നതുംവേഗം നടപ്പിലാക്കിയതിനു ശേഷം തിരഞ്ഞെടുപ്പു നടത്തണമെന്നാണ് ബഹുജനാഭിപ്രായമെന്നതു ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ചു ഗവണ്മെൻറിന്റെ നിലപാടു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly